# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:09.11.2025**

### പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ വിദേശ പര്യടനത്തിന് തുടക്കമായി. അംഗോള പ്രെസിഡന്റു മായുള്ള ഉഭയ കക്ഷി ചർച്ച ഇന്ന്.
2. യു എ ഇ സന്ദർശനം തുടരുന്ന മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് അബുദാബിയിൽ 'മലയാളം ഫെസ്റ്റിവലിൽ' പങ്കെടുക്കും.
3. വിവിധ ആവശ്യങ്ങളുന്നയിച്ച് സമരം ചെയ്യുന്ന മെഡിക്കൽ കോളേജ് ഡോക്ടർമാരുമായി ആരോഗ്യ മന്ത്രി വീണാ ജോർജ്ജ് നാളെ തിരുവനന്തപുരത്ത് ചർച്ച നടത്തും.
4. പാലക്കാട് നടക്കുന്ന സംസ്ഥാന ശാസ്ത്രോത്സവത്തിൽ മുന്നേറ്റം തുടർന്ന് മലപ്പുറം ജില്ല. കണ്ണൂരും കോഴിക്കോടും തൊട്ടു പിന്നിൽ.
5. മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ എം ആർ രഘുചന്ദ്രബാലിന് നാടിന്റെ അന്ത്യാഞ്ജലി. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ശേഷം കാഞ്ഞിരംകുളത്തെ കുടുംബ വീട്ടിൽ.

RNU TVPM

6. ലോക ചാമ്പ്യൻ ഡി. ഗുകേഷ് FIDE ചെസ്സ് ലോക കപ്പിൽ നിന്ന് പുറത്ത് ; നാലാം റൗണ്ടിലേക്ക് മുന്നേറി ഗ്രാൻഡ്മാസ്റ്റർ ആർ. പ്രഗ്നാനന്ദയും അർജുൻ എരിഗൈസിയും.

❁❁❁❁❁❁❁❁❁❁❁❁❁

## രാഷ്ട്രപതി സന്ദർശനം

ദ്വിരാഷ്ട്ര പര്യടനത്തിന്റെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു അംഗോളയിലെത്തി. അംഗോള പ്രസിഡൻറ് ലോറെൻസോയുമായി രാഷ്ട്രപതി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. ചൊവ്വാഴ്ച അംഗോളയുടെ സ്വാതന്ത്ര്യത്തിൻറെ 50-ാം വാർഷികാഘോഷ ത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി അംഗോള പാർലമെൻറിനെ അഭിസംബോധന ചെയ്യും. ഇന്ത്യൻ സമൂഹവുമായും ശ്രീമതി മുർമു സംവദിക്കും. തുടർന്ന് രാഷ്ട്രപതി ബോട്സ്വാന സന്ദർശിക്കും.

RIUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി - ഡെറാഡൂൺ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉത്തരാഖണ്ഡ് രൂപീകരണത്തി ൻറെ രജതജൂബിലി ആഘോഷ പരിപാടിയിൽ പങ്കെടുക്കും. രജതജൂബിലി സ്മരണാർത്ഥം പുറത്തിറക്കുന്ന തപാൽ സ്റ്റാമ്പ് അദ്ദേഹം പ്രകാശനം ചെയ്യും. 8,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## വന്ദേമാതരം

ദേശീയ ഗീതമായ വന്ദേ മാതരത്തിന്റെ 150 വാർഷികത്തോട് അനുബന്ധിച്ചുള്ള ആഘോഷ പരിപാടികൾ രാജ്യമെമ്പാടും പുരോഗമിക്കുന്നു. 1905 ൽ ബംഗാൾ വിഭജന കാലത്താണ് വന്ദേമാതരം രചിക്കപ്പെട്ടത്. സ്വാതന്ത്ര്യ സമരത്തിൽ ജനങ്ങളെ

ഏകീകരിക്കുന്നതിലും രാഷ്ട്രബോധം വളർത്തുന്നതിലും, വന്ദേ മാതരം വഹിച്ച പങ്ക് ഏറെ നിർണായകമായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## തീവ്ര വോട്ടർ പട്ടിക

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ എല്ലാ മേഖലകളിൽ നിന്നും മികച്ച സഹകരണ മെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ. ഏകദേശം നാലു ലക്ഷത്തി 69 നായിരത്തിലേറെ പേർക്ക് ഇതുവരെ എന്യൂമെറേഷൻ ഫോം വിതരണം ചെയ്തു. ഓൺലൈനായി എന്യൂമെ റേഷൻ ഫോം സമർപ്പിക്കാനുള്ള സംവിധാനവും പ്രവർത്തന സജ്ജമായിട്ടുണ്ട്. എസ്. ഐ. ആറിൻ്റെ പുരോഗതി രാഷ്ട്രീയ പാർട്ടികളെ അറിയിച്ചതായും സഹകരണം അഭ്യർത്ഥിച്ച തായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## പാലക്കാട് ശാസ്ത്രോത്സവം (ഇൻട്രോ)

പാലക്കാട് ജില്ലയിലെ ആറ് വിദ്യാലയങ്ങളിലായി പുരോഗമിക്കുന്ന സംസ്ഥാന ശാസ്ത്രോത്സവത്തിൽ മുന്നേറ്റം തുടർന്ന് മലപ്പുറം ജില്ല. കണ്ണൂരും കോഴിക്കോടുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. കാഴ്ചക്കാരിൽ കൗതുകമുണർത്തുന്ന നിരവധി സാങ്കേതിക വിദ്യകളാണ് വിദ്യാർഥികൾ മത്സരത്തിന് എത്തിച്ചിരിക്കുന്നത്.
**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്**
(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

## ഹജ്ജ് കിരൺ - റിജിജു

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് ഉഭയകക്ഷി കരാർ ഒപ്പു വെക്കാൻ കേന്ദ്ര മന്ത്രി കിരൺ റിജിജു സൗദിയിലെത്തി. ഹജ്ജ് തീർത്ഥാടനം സുഗമമാക്കാൻ ആവശ്യമായ ചർച്ചകളിൽ പങ്കെടുക്കു

മെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യൻ പ്രവാസി കളുമായും കേന്ദ്രമന്ത്രി ചർച്ച നടത്തി.

## മുഖ്യമന്ത്രി - യു എ ഇ സന്ദർശനം

മുഖ്യമന്ത്രി പിണറായി വിജയന്റെ യു എ ഇ സന്ദർശനം തുടരുന്നു. അബുദാബി സിറ്റി ഗോൾഫ് ക്ലബ്ബിൽ നടക്കുന്ന 'മലയാളം ഫെസ്റ്റിവലിൽ' മുഖ്യമന്ത്രി ഇന്ന് പങ്കെടുക്കും. മന്ത്രി സജി ചെറിയാൻ, ചീഫ് സെക്രട്ടറി എ. ജയതിലക് എന്നിവരടങ്ങുന്ന ഉന്നതതല പ്രതിനിധി സംഘവും മുഖ്യമന്ത്രിക്കൊപ്പമുണ്ട്

## വി ശിവൻകുട്ടി

എറണാകുളം - ബംഗളൂരു വന്ദേഭാരത് ഉദ്ഘാടന ചടങ്ങിനിടെ വിദ്യാർത്ഥികൾ ആർ.എസ്.എസ് ഗണഗീതം ആലപിച്ച സംഭവ ത്തിൽ മന്ത്രി വി ശിവൻകുട്ടി അന്വേഷണത്തിന് ഉത്തരവിട്ടു. ഉടൻ റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയതായി മന്ത്രി അറിയിച്ചു. സർക്കാർ പരിപാടി കളിൽ കുട്ടികളെ രാഷ്ട്രീയവത്കരിക്കുന്നത് ഭരണഘടനാ തത്വ ങ്ങളുടെ ലംഘനമാണെന്നും മന്ത്രി പറഞ്ഞു.

RNUTVPM

## വി ഡി സതീശൻ + ജോർജ് കുര്യൻ

ഔദ്യോഗിക ചടങ്ങുകൾ രാഷ്ട്രീയവത്കരിക്കുന്നത് ദൗർഭാഗ്യകര മാണെന്ന് ഗണഗീതം ആലപിച്ച സംഭവത്തിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രതികരിച്ചു. അതേസമയം ഗണഗീതം ആലപിച്ച തിൽ തെറ്റില്ലെന്നും മറ്റു വിവാദങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനുള്ള ശ്രമമാണിതെന്നും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു.

## ഡോക്ടർമാരുടെ സമരം : ചർച്ച

ശമ്പളക്കുടിശ്ശിക, ഡോക്ടർമാരുടെ നിയമനം തുടങ്ങി വിവിധ ആവശ്യങ്ങളുന്നയിച്ച് സമരം ചെയ്യുന്ന മെഡിക്കൽ കോളേജ് ഡോക്ടർമാരുമായി ആരോഗ്യ മന്ത്രി വീണാ ജോർജ്ജ് നാളെ തിരുവനന്തപുരത്ത് ചർച്ച നടത്തും. അധ്യാപകസംഘടനയായ K.G.M.C.T.A യുടെ നേതൃത്വത്തിൽ ഈ മാസം 13 ന് സമ്പൂർണ പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ചർച്ച. K.G.M.C.T.A മൂന്നാഴ്ചയായി ഒപി ബഹിഷ്കരണമടക്കമുള്ള നിസ്സഹകരണ സമരത്തിലാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## കെ.ആർ നാരായണൻ

ഇന്ന് മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ ഇരുപതാം ചരമ വാർഷിക ദിനം. രാവിലെ നിയമസഭാ സമുച്ചയത്തിലെ കെ ആർ നാരായണൻ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തി. കെ ആർ നാരായണന്റെ സ്മരണയിൽ രാജ്ഭവനിൽ സ്ഥാപിച്ച അർദ്ധകായ പ്രതിമ കഴിഞ്ഞ മാസം രാഷ്ട്രപതി അനാച്ഛാദനം ചെയ്തിരുന്നു.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## രഘുചന്ദ്രബാൽ- സംസ്കാരം

മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ എം ആർ രഘുചന്ദ്ര ബാലിന് നാടിന്റെ അന്ത്യാഞ്ജലി. കാഞ്ഞിരംകുളം ദൃശ്യ ഓഡിറ്റോറിയത്തിലെ പൊതുദർശനത്തിന് ശേഷം ഭൗതിക ദേഹം വൈകുന്നേരം മൂന്ന് മണിക്ക് കാഞ്ഞിരംകുളത്തെ കുടുംബവീട്ടിൽ സംസ്കരിക്കും. ഡിസിസി ഓഫീസിൽ പൊതു ദർശനത്തിന് വച്ച മൃതദേഹത്തിൽ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ അന്തിമോപചാരം അർപ്പിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## കാസർഗോഡ് (ഇൻട്രോ)

നാടിൻറെ പച്ചപ്പ് സംരക്ഷിക്കുന്നതിൽ ഭിന്നശേഷി കുട്ടികളെ പങ്കാളികളാക്കാൻ ഒരുങ്ങി സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം. ഇതിൻറെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ഹോർട്ടികൾച്ചർ തെറാപ്പി യൂണിറ്റ് ആരംഭിക്കാൻ തീരുമാനമായി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ....
(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## ചെസ്

ഗോവയിൽ നടക്കുന്ന FIDE ചെസ്സ് ലോകകപ്പിൽ നിന്ന് ലോക ചാമ്പ്യൻ ഡി. ഗുകേഷ് പുറത്തായി. ജർമ്മൻ ഗ്രാൻഡ്മാസ്റ്റർ ഫ്രെഡറിക് സ്വാനിനോടാണ് ഗുകേഷ് പരാജയപ്പെട്ടത്. അതേസമയം, ഗ്രാൻഡ്മാസ്റ്റർ ആർ പ്രഗ്നാനന്ദ, അർജുൻ എരിഗൈസി എന്നിവർ നാലാം റൗണ്ടിലേക്ക് മുന്നേറി.

❁❁❁❁❁❁❁❁❁❁❁❁❁

## പെരിയാർ (ഇൻട്രോ)

സംസ്ഥാനത്തെ ആദ്യ വന്യജീവി സങ്കേതമായ പെരിയാർ വന്യജീവി സങ്കേതത്തിന് എഴുപത്തിയഞ്ച് വയസ് പൂർത്തിയായി. ജൈവ വൈവിധ്യം നിറഞ്ഞ തേക്കടി തടാകം കൂടി ഉൾപ്പെട്ട ഇവിടം ഇന്ന് സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമാണ്.
ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## കണ്ണൂർ തെരുവ് നായയുടെ കടിയേറ്റു

കണ്ണൂർ കല്യാശ്ശേരിക്ക് സമീപം കോലത്തു വയലിൽ കാൽനട യാത്രക്കാരനായ വയോധികന് തെരുവ് നായയുടെ കടിയേറ്റു.

RNUTVPM

ബക്കളം സ്വദേശി വിൻസെന്റിനാണ് തെരുവുനായയുടെ കടിയേറ്റത്. ജില്ലയിൽ തെരുവ് നായകളുടെ ശല്യം കൂടി വരുന്ന തായാണ് റിപ്പോർട്ട്. പൊതു ഇടങ്ങളിൽ നിന്ന് തെരുവ് നായകളെ മാറ്റാൻ കർശന നടപടി സ്വീകരിക്കണമെന്ന് സുപ്രീംകോടതി കഴിഞ്ഞ ദിവസം നിർദേശിച്ചിരുന്നു.

## ജിഎസ്ടി പാദരക്ഷകൾ

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ വസ്ത്രങ്ങൾ, പാദരക്ഷകൾ എന്നിവയുൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് ഗുണകരമായതായി കേന്ദ്രസർക്കാർ. തുകലിന് ചുമത്തിയിരുന്ന നികുതി 5 ശതമാന മായി കുറച്ചിട്ടുണ്ട്. ജോഡിക്ക് 2,500 രൂപ വരെ വിലയുള്ള പാദരക്ഷ കളുടെ ജിഎസ്ടി 5 ശതമാനവുമാക്കി.

## മഴ- സംസ്ഥാനം

കേരളത്തിൽ ഇന്ന് മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത യെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

PNU TVPM